പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3986

11.11.2019 -ൽ മറുപടിക്ക്

## പാചകവാതക വിതരണരംഗത്തെ അപാകതകളും ക്രമക്കേടുകളും

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | മറുപടി<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) പാചകവാതക വിതരണരംഗത്തെ അപാകതകളും ക്രമക്കേടുകളും പരിഹരിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ ; | (എ) പാചകവാതക വിതരണരംഗത്തെ അപാകതകളും ക്രമക്കേടുകളും പരിഹരിക്കുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ എല്ലാ ജില്ലകളിലും ഗ്യാസ് ഏജൻസികൾ ഉപഭോക്തൃ സംഘടനാ പ്രതിനിധികൾ എണ്ണക്കമ്പനി പ്രതിനിധികൾ ഉപഭോക്താക്കൾ ലീഡ് ബാങ്ക് അധികൃതർ, സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ത്രൈമാസ ജില്ലാതല ഓപ്പൺ ഫോറങ്ങളും അദാലത്തുകളും നടത്തുകയും ഉപഭോക്താക്കളുടെ പരാതികളിൽ അടിയന്തര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ജില്ലാതല റിപ്പോർട്ടുകൾ സർക്കാർ തലത്തിൽ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികളും ഇതിനായി പ്രവർത്തിക്കുന്നുണ്ട്. |
| (ബി) പാചകവാതക വിതരണ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാനും പരിഹാരം നിർദ്ദേശിക്കുവാനുമായി രൂപീകരിച്ച കമ്മറ്റിയുടെ ശിപാർശകൾ എന്തെല്ലാമായിരുന്നു; വിശദമാക്കാമോ ; | (ബി) പാചകവാതക വിതരണ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ടി മേഖലയിൽ മിനിമം വേജസ് നിശ്ചയിക്കുക, ഏജൻസികളിൽ ഓയിൽ കമ്പനികളുടെയും സിവിൽ സപ്ലൈസ് വകുപ്പിന്റെയും സംയുക്ത പരിശോധന നടത്തുക, ആവശ്യമെങ്കിൽ ക്യാഷ് & ക്യാരി സിസ്റ്റം അനുവദിക്കുക, അത്യാവശ്യ സാഹചര്യങ്ങളിൽ കേരള എസൻഷ്യൽ സർവീസ് മെയിന്റനൻസ് ആക്ട് പ്രയോഗിക്കുക, ടാങ്കർ ഡ്രൈവർമാരുടെ റിസർവ് പൂൾ കരുതുക, ടി മേഖലയിലെ അനാവശ്യവും അപ്രഖ്യാപിതവുമായ സമരങ്ങൾ നിയമം മൂലം നിരോധിക്കുക, പാചകവാതക വിതരണ മേഖലയിൽ 'കോഡ് ഓഫ് കോൺടക്ട്' നടപ്പിലാക്കുക, ടി മേഖലയിലെ തർക്കങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പരിഹാര കമ്മിറ്റികൾ രൂപീകരിക്കുക എന്നിവയായിരുന്നു കമ്മിറ്റിയുടെ പ്രധാന നിർദ്ദേശങ്ങൾ. |

(സി) സംസ്ഥാനത്ത് എത്ര പാചകവാതക ഏജൻസികൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(സി) സംസ്ഥാനത്ത് നിലവിൽ 662 പാചകവാതക ഏജൻസികൾ ഉണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | ഏജൻസികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 65 |
| 2 | കൊല്ലം | 57 |
| 3 | പത്തനംതിട്ട | 28 |
| 4 | ആലപ്പുഴ | 43 |
| 5 | കോട്ടയം | 51 |
| 6 | ഇടുക്കി | 31 |
| 7 | എറണാകുളം | 81 |
| 8 | തൃശ്ശൂർ | 57 |
| 9 | പാലക്കാട് | 52 |
| 10 | മലപ്പുറം | 52 |
| 11 | കോഴിക്കോട് | 49 |
| 12 | വയനാട് | 13 |
| 13 | കണ്ണൂർ | 59 |
| 14 | കാസർഗോഡ് | 24 |

(ഡി) സംസ്ഥാനത്ത് പാചകവാതക ഏജൻസി തുടങ്ങുവാൻ ആവശ്യമായ നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

(ഡി) കേന്ദ്ര പ്രകൃതിവാതക മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എൽ.പി.ജി ഏജൻസികൾ തുടങ്ങുവാനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, ഫയർ & റെസ്ക്യൂ വകുപ്പ്, ജില്ലാ ടൗൺ പ്ലാനർ, ചീഫ് ടൗൺ പ്ലാനർ, പെട്രോളിയം & സേഫ്റ്റി ഓർഗനൈസേഷൻ എന്നിവയുടെ അനുമതിയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഗോഡൗണിലുള്ള കെട്ടിട നമ്പരും പെട്രോളിയം & സേഫ്റ്റി ഓർഗനൈസേഷനിൽ നിന്നുമുള്ള എൽ.പി.ജി സംഭരണ ലൈസൻസും ആവശ്യമാണ്.

സെക്ഷൻ ഓഫീസർ